പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 159 **26-10-2026-ൽ മറുപടിയ്ക്ക്**

പുതുക്കിയ ബജറ്റ് കണക്കുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് കണക്കുകൾ പ്രകാരം, സംസ്ഥാന സർക്കാരിന്റെ ആകെ ചെലവ് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് കണക്കുകൾ പ്രകാരം സംസ്ഥാന സർക്കാരിന്റെ ആകെ പ്രതീക്ഷിത തനി ചെലവ് 198582.40 കോടി രൂപയും ആകെ ചെലവ് 315698.94 കോടി രൂപയുമായിരുന്നു.

(ബി) പ്രസ്തുത ബജറ്റ് കണക്കുകൾ പ്രകാരം ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കായി പ്രത്യേകം എത്ര കോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളതെന്നും ഓരോ ഇനവും ആകെ ചെലവിന്റെ എത്ര ശതമാനം വീതമാണെന്നും വ്യക്തമാക്കാമോ;

മറുപടി: 2025-26 സാമ്പത്തിക വർഷം ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയിരുന്ന വിഹിതത്തിന്റേയും ഇവ ഓരോന്നിനും ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന ആകെ തനി ചെലവിന്റേയും, ആകെ ചെലവിന്റേയും എത്ര ശതമാനമായിരുന്നുവെന്ന് കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് വിഹിതം (രൂക കോടിയിൽ)	തനി ചെലവിന്റെ അടിസ്ഥാനത്തിലുള്ള ശതമാനം	ആകെ ചെലവിന്റെ അടിസ്ഥാനത്തിലുള്ള ശതമാനം
ശമ്പളം	44115.29	22.22%	13.97%
പെൻഷൻ	29459.83	14.84%	9.33%
പലിശ	31823.72	16.03%	10.08%

(സി) ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കുള്ള ചെലവ് ആകെ എത്ര കോടി രൂപയാണെന്നും ഇത് സംസ്ഥാനത്തിന്റെ ആകെ ബജറ്റ് ചെലവിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

മറുപടി: ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കായി ആകെ 105398.84 കോടി രൂപയായിരുന്ന 2025-26 ബജറ്റിൽ വകയിരുത്തിയിരുന്നത്. ഇത് ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന ആകെ തനി ചെലവ്, ആകെ ചെലവ് എന്നിവയുടെ യഥാക്രമം 53.08 ശതമാനവും 33.39 ശതമാനവുമായിരുന്നു.

(ഡി) ശമ്പളം, പെൻഷൻ, പലിശ എന്നിവ ഒഴികെയുള്ള മറ്റ് ആവശ്യങ്ങൾക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഇത് ആകെ ചെലവിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

മറുപടി: ശമ്പളം, പെൻഷൻ, പലിശ എന്നിവ ഒഴികെയുള്ള ഇനങ്ങളിൽ 2025-26 സാമ്പത്തിക വർഷം ബജറ്റിൽ വിഭാവനം ചെയ്തിരുന്ന ആകെ തനി ചെലവ് 93183.56 കോടി രൂപയും ആകെ ചെലവ് 210300.10 കോടി രൂപയുമായിരുന്നു. ഇത് ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന ആകെ തനി ചെലവ്, ആകെ ചെലവ് എന്നിവയുടെ യഥാക്രമം 46.92 ശതമാനവും 66.6 ശതമാനവുമായിരുന്നു.

(ഇ) 2026-27ലെ ആദ്യ ബജറ്റിലും പുതുക്കിയ ബജറ്റിലും ശമ്പളം, പെൻഷൻ ഇനത്തിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; ഇത് 2025-26 ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ എത്ര കോടി രൂപ കൂടുതലാണെന്ന് വ്യക്തമാക്കാമോ?

മറുപടി: 2026-27ലെ ആദ്യ ബജറ്റിൽ ശമ്പളം, പെൻഷൻ ഇനങ്ങളിൽ യഥാക്രമം ₹57,564.15 കോടി, ₹38,669.12 കോടി വീതമാണ് വകയിരുത്തിയിരുന്നത്. ഇത് 2025-26ലെ ബജറ്റ് എസ്റ്റിമേറ്റിൽ ഈ ഇനങ്ങൾക്കായി വകയിരുത്തിയിരുന്ന തുകയേക്കാൾ യഥാക്രമം ₹13,448.86 കോടി, ₹9,209.29 കോടി വീതം അധികമായിരുന്നു. 2026-27ലെ പുതുക്കിയ ബജറ്റിൽ ശമ്പളം, പെൻഷൻ ഇനങ്ങളിൽ യഥാക്രമം ₹52564.62 കോടി, ₹35438.92 കോടി വീതമാണ് വകയിരുത്തിയിട്ടുള്ളത്. ഇത് 2025-26 ലെ ബജറ്റ് എസ്റ്റിമേറ്റിൽ ഈ ഇനങ്ങൾക്കായി വകയിരുത്തിയിരുന്നതിനേക്കാൾ യഥാക്രമം ₹8449.33 കോടി, ₹5979.09 കോടി വീതം അധികമാണ്. 16-ാം ധനകാര്യ കമ്മീഷൻറെ ശിപാർശ പ്രകാരം റവന്യൂ കമ്മി ഗ്രാൻറ് നിർത്തലാക്കിയതിനാലും പ്രതീക്ഷിത കേന്ദ്ര നികുതി വിഹിതത്തിൽ കുറവുണ്ടായതിനാലും 2026-27 സാമ്പത്തിക വർഷത്തെ ആദ്യ ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ മതിപ്പു കണക്കിൽ ഏകദേശം 20500 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. വിഭവ ലഭ്യതയിലുണ്ടായ ഈ കുറവ് മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ തനതു നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും പദ്ധതി-പദ്ധതിയേതര ചെലവുകൾ യുക്തിസഹമാക്കി കൊണ്ടുമുള്ള പുതുക്കിയ ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ